പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6794 13.07.2012-ൽ മറുപടിക്ക്

## സംസ്ഥാനത്തെ ആശുപത്രികളിൽ വിവിധ പനി ബാധിച്ച് എത്തിയവരുടെ എണ്ണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്. രാജേന്ദ്രൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) മുൻകരുതൽ പ്രവർത്തനങ്ങളും ബോധവൽക്കരണവുംമൂലം പനി ബാധിച്ച് മരിച്ചവരുടെ എണ്ണം കുറയ്ക്കാൻ കഴിഞ്ഞെങ്കിലും പനിബാധിതരുടെ എണ്ണം ദിനംപ്രതി കൂടിവരുന്നത് ഗൗരവമായി കാണുന്നുണ്ടോ ; | എ) ഉണ്ട്. |
| ബി) ഈ സർക്കാർ മുൻകരുതൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരുന്നതും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തിക്കാൻ കഴിയാതിരുന്നതും പ്രശ്നത്തിന്റെ ആഴം വർദ്ധിപ്പിച്ചുവെന്നത് മനസ്സിലാക്കിയിട്ടുണ്ടോ ; | ബി) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് മുൻകരുതൽ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ട്. പനി തുടങ്ങിയ മഴക്കാലരോഗങ്ങൾക്കെതിരെ മുൻകൂട്ടി പ്രതിരോധിക്കുവാൻ ഈ വർഷം ജനുവരി മുതൽ സംസ്ഥാന സർക്കാർ 'സമഗ്ര' എന്ന പേരിൽ രോഗപ്രതിരോധ പരിപാടികൾ ആവിഷ്കരിച്ച് വിവിധ വകുപ്പുകളുടെ സഹകരണത്തോടുകൂടി 3 ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. ആരോഗ്യവകുപ്പിന് പുറമേ, തദ്ദേശ സ്വയംഭരണ, സാമൂഹ്യക്ഷേമ, വിദ്യാഭ്യാസ, കൃഷി, മൃഗസംരക്ഷണ വകുപ്പുകളുടെയും സഹകരണത്തോടെയാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. ജനുവരി 15ന് തുടങ്ങി മാർച്ച് 15ന് അവസാനിച്ച ഒന്നാം ഘട്ടത്തിൽ ജില്ലാതലം മുതൽ വാർഡ് തലം വരെ അവലോകന യോഗങ്ങൾ, കൊതുക്-കൂത്താടി നശീകരണം, ആരോഗ്യ ബോധവത്കരണം എന്നീ പരിപാടികളും മെയ് 15-ന് ആരംഭിച്ച രണ്ടാം ഘട്ട പ്രവർത്തനങ്ങളിൽ രോഗപ്രതിരോധചികിത്സ, പകർച്ചവ്യാധി നിരീക്ഷണവും നിയന്ത്രണവും, കുടിവെള്ള സ്രോതസ്സുകളിൽ ക്ലോറിനേഷൻ തുടങ്ങിയവയും ചെയ്യുകയുണ്ടായി. രോഗചികിത്സയ്ക്ക് ആവശ്യമായ അധിക ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിച്ചു വരുന്നു. മരുന്നുകൾ, ഒ.ആർ.എസ്., ഐ.വി. ഫ്ളൂയിഡുകൾ, മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുകയും, പനി വാർഡുകൾ/ഒ.ആർ.എസ് ഡിപ്പോകൾ, ഒ.ആർ.റ്റി. കോർണറുകൾ തുടങ്ങിയവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ആവശ്യമായ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി) 2012 ഏപ്രിൽ മുതൽ ഇന്നുവരെ സംസ്ഥാനത്തെ ആശുപത്രികളിൽ വിവിധ പനി ബാധിച്ച് എത്തിയവരുടെ എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കുമോ ? | സി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പനി ബാധിച്ച് എത്തിയവരുടെ കണക്ക് അനുബന്ധം I-ലും മറ്റ് ആശുപത്രികളെ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II-ലുമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

(അനുബന്ധം - I)

| | സർക്കാർ മെഡിക്കൽ കോളേജ് | ഡങ്കിപ്പനി | എലിപ്പനി | ചിക്കുൻഗുനിയ | എച്ച്1എൻ1 | മലേറിയ | ടൈഫോയ്ഡ് |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 443 | 14 | 1 | | 10 | |
| 2 | കോട്ടയം | 363 | 40 | 1 | | 12 | 25 |
| 3 | ആലപ്പുഴ | 45 | 21 | | 10 | | |
| 4 | തൃശൂർ | 2 | 4 | | | 16 | 10 |
| 5 | കോഴിക്കോട് | | 2 | | 22 | 18 | 6 |
| | കോഓപ്പറേറ്റീവ് മെഡിക്കൽ. കോളേജ് | | | | | | |
| 1 | കൊച്ചി | 18 | 2 | | | 4 | 14 |
| 2 | കണ്ണൂർ | 10 | 6 | 1 | | 14 | 12 |

സെക്ഷൻ ഓഫീസർ

(അനുബന്ധം - II)

**Fever reported in Kerala( April 1st -06.07.2012)**

| Dist. | Fever | Chikungunya Fever | Dengue Fever | Leptospirosis Fever | Malaria Fever | Japanese Encephalitis Fever | H1N1 Fever |
|---|---|---|---|---|---|---|---|
| TVM | 71424 | 6 | 587 | 30 | 19 | - | 1 |
| KLM | 29124 | - | 68 | 4 | 26 | - | 1 |
| PTA | 34954 | - | 89 | 10 | 18 | - | - |
| IDK | 21846 | - | 43 | 5 | 7 | - | - |
| KTM | 29871 | 1 | 72 | 10 | 9 | - | 7 |
| ALP | 37236 | - | 17 | 14 | 2 | - | 11 |
| EKM | 48621 | 1 | 101 | 24 | 33 | - | 10 |
| TSR | 71002 | 1 | 26 | 3 | 70 | - | 14 |
| PKD | 57777 | - | 2 | - | 33 | - | 2 |
| MPM | 68441 | - | 13 | 10 | 29 | - | 33 |
| KKD | 35554 | 1 | 2 | 2 | 57 | - | 83 |
| WYD | 23964 | - | 5 | 8 | 14 | - | 17 |
| KNR | 44724 | - | 13 | 1 | 61 | - | 22 |
| KSD | 29422 | - | 1 | 3 | 74 | - | 23 |
| **Total** | **603960** | **10** | **1039** | **124** | **452** | **-** | **224** |

സെക്ഷൻ ഓഫീസർ